പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 194 — 23-03-2012-ൽ മറുപടിയ്ക്ക്

## കായികതാരങ്ങൾക്ക് വിദഗ്ദ്ധപരിശീലനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.വി.റ്റി..ബൽറാം<br>ശ്രീ.പാലോട് രവി | | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ കായികതാരങ്ങൾക്ക് അന്തർദ്ദേശീയ അവസരങ്ങൾ ലഭിക്കുവാനും, വിദേശകായിക പരിശീലകരെ ഏർപ്പെടുത്തുവാനുമായി എന്തെല്ലാം പദ്ധതികളാണ് രൂപീകരിക്കുവാനുദ്ദേശിക്കുന്നത് ; | (എ) | ഇതിന്റെ ഭാഗമായി 2016 ഒളിമ്പിക്സിൽ അത്ലറ്റിക്സിൽ സ്വർണ്ണമെഡൽ കരസ്ഥമാക്കുക ലക്ഷ്യമാക്കി ആരംഭിക്കുന്ന **'ഗോ ഫോർ ഗോൾഡ്'** എന്ന പദ്ധതിയിൻ കീഴിൽ എലൈറ്റ് അത്ലറ്റിക് ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സെന്റർ മുഖേന നിലവിൽ ദേശീയ അന്തർദ്ദേശീയ മത്സരങ്ങളിൽ മികവ് പ്രകടിപ്പിക്കാൻ കഴിഞ്ഞ കായിക പ്രതിഭകളേയും, 15-നും 20-നും ഇടയ്ക്കു പ്രായമുള്ള പ്രതിഭകളേയും തെരഞ്ഞെടുത്ത് ശാസ്ത്രീയവും ഉയർന്ന നിലവാരവുമുള്ള പരിശീലനം നൽകാൻ നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | ഇതിനുവേണ്ടി ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ; | (ബി) | കേരള സ്പോർട്സ് കമ്മീഷൻ ശുപാർശചെയ്ത പ്രകാരം സംസ്ഥാനത്ത് സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ട് രൂപീകരിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.<br>കുട്ടികൾക്കുള്ള ഇൻഷുറൻസ് പരിരക്ഷ, കായികസൗകര്യങ്ങളുടെ വികസനം എന്നിവ ഘട്ടം ഘട്ടമായി നടപ്പാക്കുക എന്നതായിരുന്നു കമ്മീഷൻ വിഭാവനം ചെയ്ത പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ, ഇവയ്ക്കു പുറമെ പൊതുവായി കായിക ഉന്നമനം, കായിക ഇനങ്ങൾ, തുടങ്ങിയവയിൽ ദേശീയ അന്തർദ്ദേശീയ |

തലങ്ങളിൽ മികവ് ലഭിക്കുവാനുള്ള സഹായം, പ്രധാന കായിക ഇനങ്ങളിലുള്ള കോച്ചിംഗ്, സ്പെഷ്യൽ ട്രെയിനിംഗ്, വിവിധ ഓർഗ്ഗനൈസേഷനുകൾ, അസോസിയേഷനുകൾ, കായിക പ്രതിഭകൾ തുടങ്ങിയവർക്കുള്ള കായിക ഉപകരണ വിതരണം, അടിസ്ഥാന സൗകര്യവികസനം, ഗവേഷണ പഠനം, അന്തർദ്ദേശീയ സഹകരണം ലഭ്യമാക്കൽ, അവശ സാഹചര്യങ്ങളിൽ കഴിയുന്ന കായിക പ്രതിഭകൾക്ക് പെൻഷൻ, കളികൾക്കിടയ്ക്കോ, പരിശീലനത്തിനിടയ്ക്കോ പരിക്കു സംഭവിച്ച കായിക പ്രതിഭകൾക്ക് സഹായം, കഴിവുറ്റ കായിക പ്രതിഭകൾക്കുള്ള ധനസഹായം, കുറഞ്ഞ നിരക്കിലോ പലിശ രഹിതമായോ ആയിട്ടുള്ള വായ്പ നൽകൽ തുടങ്ങിയവയും ഫണ്ടിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽപ്പെടുന്നു.

| | |
|---|---|
| (സി) പ്രതിഭയുള്ള കായികതാരങ്ങളെ രാജ്യാന്തര നിലവാരത്തിലേയ്ക്കുയർത്തുന്ന തരത്തിൽ പരിശീലിപ്പിക്കുന്നതിനായി ഒരു അക്കാദമി സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ? | (സി) ഉണ്ട്. ഇതിനായി എലൈറ്റ് അത്ലറ്റിക് ട്രെയിനിംഗ് സെന്റർ ആരംഭിക്കാനുദ്ദേശിക്കുന്നു. തിരഞ്ഞെടുക്കുന്ന നിലവാരമുള്ള അത്ലറ്റുകൾക്ക് പ്രസ്തുത സെന്ററിൽ വിദേശ പരിശീലകരുടേയും, വിദഗ്ദ്ധരായ ഇന്ത്യൻ പരിശീലകരുടേയും നേതൃത്വത്തിൽ പരിശീലനം നൽകുന്നതും ഇവരെ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് പ്രാപ്തരാക്കുകയുമാണ് ഉദ്ദേശ്യം. ഇങ്ങനെ തിരഞ്ഞെടുക്കുന്നവരുടെ ട്രെയിനിംഗ് തുടങ്ങിയ എല്ലാ ചെലവുകളും സ്പോർട്സ് കൗൺസിൽ വഹിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ